## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3319** **19.10.2016-ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പട്ടികവർഗ്ഗ കോളനികളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ**

**ചോദ്യം**
ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പട്ടികവർഗ്ഗ കോളനികളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളായ മുക്കംപുഴ, പിള്ളപ്പാറ, മാരാങ്കോട് കോളനികളിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം,മുക്കംപുഴ കോളനിക്ക്ചുറ്റും ട്രഞ്ച് നിർമ്മാണം, പൊരിങ്ങൽ കാടർ കോളനിയിൽ റോഡും നടപ്പാതയും നിർമ്മാണം, പെരിങ്ങൽ കുത്തിൽ റസിഡൻഷ്യൽ ഗേൾസ് ഹോസ്റ്റൽ നിർമ്മാണം, വെട്ടിവിട്ടകാട്, അരിക്കാപ്പ് എന്നീ കോളനികളിൽ വൈദ്യുതി എത്തിക്കൽ, അടിച്ചിൽ തൊട്ടി, മുക്കംപുഴ, തവളക്കുഴിപ്പാറ, വാച്ചുമരം എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭൂഗർഭ കേബിളാക്കി മാറ്റൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ അടിയന്തരമായി | എ) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട മുക്കംപുഴ കോളനികൾക്ക് ചുറ്റും ട്രഞ്ച് നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.<br>പെരിങ്ങൽകുത്ത് കാടർ കോളനിയിൽ പെൺകുട്ടികൾക്കായി റസിഡൻഷ്യൽ ഹോസ്റ്റൽ തുടങ്ങുന്നതിന് ആവശ്യമായ കുട്ടികളുടെ എണ്ണം നിലവിൽ ടി കോളനിയിൽ കുറവാണ്.<br>വെട്ടിവിട്ടകാട്, അരിക്കാപ്പ് കോളനികളിൽ ഭൂഗർഭ കേബിൾ ആക്കി വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.<br>അടിച്ചിൽതൊട്ടി, മുക്കംപുഴ, തവളക്കുഴിപ്പാറ, വാച്ചുമരം എന്നീ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | | കോളനികളിൽ നിലവിൽ വൈദ്യുതി ലഭ്യമാണ്.<br>അടിയ - പണിയ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം മുക്കംപുഴ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 8,69,650/-രൂപയും, കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷം ,പള്ളിപ്പാറ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 18,37,500/-രൂപയും അതിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിരുന്നവെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല. കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മാരാംകോട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 13,50,000/-രൂപ 2015-16 സാമ്പത്തികവർഷം കോടശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിരുന്നവെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ